**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIII
**(SUBJECT COMMITTEE XIII)**

# (സാമൂഹ്യസേവനം)
**(SOCIAL SERVICES)**

# 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 236 (5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2023 സെപ്റ്റംബർ 11-ാം തീയതി സമർപ്പിച്ചത്
(Presented on 11th September, 2023)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
## (SUBJECT COMMITTEE XIII)

# (സാമൂഹ്യസേവനം)
## (SOCIAL SERVICES)

**2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

947/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2021 -2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. രാധാകൃഷ്ണൻ,
പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി,

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി,

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ റിപ്പോർട്ട് 2023 ആഗസ്റ്റ് 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 11.

# റിപ്പോർട്ട്

## അധ്യായം - 1

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും.

## ധനാഭ്യർഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

### പട്ടികജാതി വികസന വകുപ്പ്

### ഖണ്ഡിക -1

2225-01-102-97—പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

വാർഷിക വരുമാനം 1,00,000 രൂപ വരെയുള്ള പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ മാതാപിതാക്കളെ സഹായിക്കുന്നതിനു വേണ്ടി ഒരോ കുടുംബത്തിനും 75,000 രൂപ സാമ്പത്തിക സഹായം നൽകി വന്നിരുന്ന പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായ തുക 1,25,000 രൂപയായി വർധിപ്പിക്കുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം വന്നിട്ടുള്ളതിനാൽ വർധിപ്പിച്ച നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ടി ഇനത്തിൽ പതിനായിരത്തോളം അപേക്ഷകൾ നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 41.61 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം വിവാഹ ധനസഹായ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനായി 2225-01-102-97(P) എന്ന ശീർഷകത്തിൽ 83.39 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും BAMS-ൽ ചെലവഴിക്കാൻ അനുമതി ലഭ്യമായത് 54.13 കോടി രൂപയ്ക്കാണ്. 31-8-2022 തീയതിയിലോ ശേഷമോ വിവാഹം കഴിഞ്ഞവർക്ക് 1,25,000 രൂപയും ആയതിനു മുമ്പ് വിവാഹം കഴിഞ്ഞവർക്ക് വിവാഹധനസഹായമായി 75,000 രൂപയും ധനസഹായം അനുവദിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം വിവാഹ ധനസഹായം അനുവദിക്കുന്നതിനായി 8879 അപേക്ഷ ലഭിച്ചു. ആയതിൽ BAMS-ൽ ചെലവഴിക്കാൻ അനുമതി ലഭ്യമായ 54.13 കോടി രൂപയിൽ

നിന്ന് 6785 ഗുണഭോക്താക്കൾക്കായി 54.10 കോടി രൂപ അനുവദിച്ചു. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക പോലും അനുവദിച്ചു നൽകാതിരുന്ന സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

(പട്ടികജാതി പട്ടികവർഗ വികസന (എഫ്) വകുപ്പിന്റെ 06.07.2023-ലെ എഫ്2/176/2022/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക -2**

2225-01-277-54—<u>പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ</u>

പാലക്കാട് മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും മറ്റ് ഭരണപരമായ ചെലവുകൾക്കും ആവശ്യമായ തുക പ്ലാൻ ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചുവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ടി തുക നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 70.849 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ സംബന്ധിച്ച 2225-01-277-54-(NP) ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം 1000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. നടപ്പ് സാമ്പത്തിക വർഷത്തെ ശമ്പളം ഉൾപ്പെടെയുള്ള ഭരണ നിർവഹണ ചെലവുകൾക്ക് തുക അനുവദിക്കുന്നതിലേയ്ക്കായി 70 കോടി രൂപയുടെ പ്രൊപ്പോസൽ ഉപധനാഭ്യർഥന (SDG) മുഖേന സമർപ്പിച്ചിരുന്നുവെങ്കിലും തുക ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ 2225-01-277-57-34(P) ശീർഷകത്തിൽ നിന്നുമാണ് പാലക്കാട് മെഡിക്കൽ കോളേജിന് തുക അനുവദിച്ചു വരുന്നത്.

(പട്ടികജാതി പട്ടികവർഗ വികസന (എഫ്) വകുപ്പിന്റെ 24.01.2023-ലെ എഫ്1/ 233/ 2022/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 3**

2225-01-282-96—<u>ആരോഗ്യസംരക്ഷണ പദ്ധതി</u>

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരിൽ അർഹതപ്പെട്ട രോഗികൾക്ക് ചികിത്സയ്ക്കും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ പദ്ധതി വഴി ധനസഹായം നൽകി വരുന്നു. ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലമുള്ള

ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലമുള്ള ധനസഹായം എന്നീ പദ്ധതികൾക്കായി തുക അനുവദിക്കുന്നതിന് 2022-23 സാമ്പത്തിക വർഷം 50 കോടി രൂപയാണ് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. അധിക തുക ലഭ്യമാക്കുന്നതിനായി 30 കോടി രൂപയുടെ പ്രൊപ്പോസൽ Supplementary Demand for Grant മുഖേന സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 06.07.2023-ലെ എഫ്2/176/2022/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക -4**

2225-01-283-89—<u>ഭവനരഹിതർക്ക് ഭവനം</u>

പഠനമുറി നിർമ്മാണം, ഭവന പൂർത്തീകരണം, സ്പിൽ ഓവർ വീടുകളുടെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സേഫ് പദ്ധതി, പഠനമുറി നിർമ്മാണം, ഭവനപൂർത്തീകരണം, ഭവനനിർമ്മാണം (സ്പിൽഓവർ) എന്നീ പദ്ധതികൾക്കായി 2022-23 വർഷം 205 കോടി രൂപ 2225-01-283-89(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും BAMS-ലെ സീലിംഗ് കാരണം, 2023 ഫെബ്രുവരി വരെ 124.66 കോടി രൂപ ചെലവഴിക്കുന്നതിനാണ് അനുമതി ലഭിച്ചിരുന്നത്. 26-3-2023-ന് സീലിംഗ് ഉയർത്തി 55.35 കോടി രൂപ കൂടി അനുവദിച്ചു. അങ്ങനെ പ്രസ്തുത ശീർഷകത്തിൽ ആകെ 180.01 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചതിൽ 31-3-2023 വരെ 170.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന വാരത്തിൽ ലഭിച്ചതിനാലും ഒരു ശീർഷകത്തിൽ നിന്നും ഒരു ദിവസം 10 ലക്ഷം രൂപയിൽ കൂടുതലുള്ള ബില്ലുകൾ ട്രഷറിയിൽ സ്വീകരിക്കാത്തതിനാലും തുക പൂർണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധികതുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 7-8-2023-ലെ C2/382/2022/SCSTDD നമ്പർ കത്ത്)

**ഖണ്ഡിക - 5**

2225-01-800-86—1955 -ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)

മിശ്രവിവാഹ ധനസഹായവും അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസധനസഹായവും ഫണ്ടിന്റെ അപര്യാപ്തത കാരണം യഥാസമയം വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗുണഭോക്താക്കൾക്ക് യഥാസമയം ധനസഹായം അനുവദിക്കേണ്ട സാമൂഹ്യ പ്രാധാന്യം കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മിശ്രവിവാഹ ധനസഹായം, അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2225-01-800-86 (P) എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 21 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. മുൻ വർഷത്തെ കുടിശ്ശികയും നടപ്പ് സാമ്പത്തിക വർഷത്തെ അപേക്ഷകളും തീർപ്പാക്കുന്നതിനായി 20 കോടി രൂപയുടെ Supplementary Demand for Grant മുഖേന സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 06.07.2023-ലെ എഫ്2/176/2022/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 6**

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപെൻഡ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നു. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനായുള്ള വരുമാനപരിധി 2014 മുതൽ 42,000 രൂപയിൽ നിന്നും 1,00,000 രൂപയായി ഉയർത്തിയതിനെത്തുടർന്ന് വർദ്ധിച്ച അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന വസ്തുത സമിതി വിലയിരുത്തുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക തീർത്ത് ആനുകൂല്യം വിതരണം

ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജനറൽ വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് സംബന്ധമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് പിന്നോക്ക വിഭാഗ വികസന വകുപ്പാണ്. എന്നാൽ പ്രസ്തുത ഉത്തരവുകൾ പ്രകാരം ജനറൽ വിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അപേക്ഷകൾ പ്രോസസ് ചെയ്യുന്നതും തുക വിതരണം ചെയ്യുന്നതും പട്ടികജാതി വികസന വകുപ്പ് മുഖേനയാണ്. ജനറൽ വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് സംബന്ധമായ ബഡ്ജറ്റ് ശീർഷകം 2225-80-800-99-12 (നോൺ പ്ലാൻ) ആണ്. പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരം പട്ടികജാതി വികസന വകുപ്പിനാണ്.

2225-80-800-99-12 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 2022-23 വർഷം 40 കോടി രൂപ അനുവദിച്ചിട്ടില്ല.

(പട്ടികജാതി പട്ടികവർഗ വികസന (എ) വകുപ്പിന്റെ 09.08.2023-ലെ എ 2/220/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 7**

2225-02-102-94—പട്ടികവർഗ പെൺകുട്ടികളുടെ വിവാഹധന സഹായം

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് നൽകി വരുന്ന വിവാഹ ധനസഹായം നിലവിലുള്ള 1 ലക്ഷം രൂപയിൽ നിന്നും 1.5 ലക്ഷമായും അനാഥരായ പട്ടികവർഗ പെൺകുട്ടികൾക്ക് നൽകി വരുന്ന 1.5 ലക്ഷം രൂപ ധനസഹായം 2 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്നതിന് ബഡ്ജറ്റ് പ്രഖ്യാപനം വന്നിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള തുക വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം - (പ്ലാൻ) 2022-23 സാമ്പത്തിക വർഷം 2225-02-102-94- ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 4.13 കോടി വകയിരുത്തിയിരുന്നു. 2022-23 സാമ്പത്തികവർഷം 4,13,00,000 രൂപ അനുവദിച്ചിരുന്നു. ടി തുക ഉപയോഗിച്ച് തന്നെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നു. അനുവദിച്ച 4,13,00,000 രൂപയിൽ 3,61,00,000 രൂപ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 8**

2225-02-277-40—<u>വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം-റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ടി പദ്ധതി പ്രകാരം മിശ്രവിവാഹ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ പേർക്കും ധനസഹായം അനുവദിക്കുന്നതിലേക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.87 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം 2225-02-198-50- (നോൺപ്ലാൻ) ശീർഷകത്തിൽ 53.16 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2225-02-198-50- എന്ന ശീർഷകത്തിൽ 55,00,000 രൂപ മിശ്രവിവാഹ ധനസഹായ പദ്ധതിയിൽ വിവിധ ഓഫീസുകളിൽ പെൻഡിംഗിലുള്ള 220 അപേക്ഷകൾക്ക് തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക ലഭ്യമായിരുന്നില്ല. ബഡ്ജറ്റ് വിഹിതമായി മിശ്രവിവാഹ ധനസഹായ പദ്ധതിയിൽ വകയിരുത്തിയിരുന്ന 25 ലക്ഷം രൂപയിൽ 24,97,554 രൂപ ചെലവഴിച്ചു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 9**

2225-02-277-99-12—<u>മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും</u>

സംസ്ഥാനത്തെ പത്താംക്ലാസ് വരെയുള്ള പട്ടികവർഗ വിദ്യാർഥികളുടെ ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പെന്റും അനുവദിച്ച് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം 2225-02-277-99-12- മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും (നോൺപ്ലാൻ) എന്ന ശീർഷകത്തിൽ 16,50,00,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ ടി തുക അപര്യാപ്തമായതിനാൽ 3,88,00,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അധികമായി അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു എന്നാൽ ആയത് ലഭ്യമായിരുന്നില്ല. 2022-23 സാമ്പത്തിക വർഷം അനുവദിച്ച 16,50,00,000 രൂപയിൽ 16,16,11,934 രൂപ ചെലവഴിച്ചിട്ടുണ്ട്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 10**

2225-02-277-40—<u>വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവും ധനസഹായവും - അതിസമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഇൻസെന്റീവ്</u>

അക്കാദമിക് തലങ്ങളിലും മറ്റും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം പ്രോത്സാഹനമായി ക്യാഷ് അവാർഡ്/ സ്വർണ മെഡൽ പാരിതോഷികമായി നൽകുന്നു. സാക്ഷരത മിഷൻ വഴി നടത്തുന്ന തുല്യത പരീക്ഷയിൽ വിജയികളാകുന്ന പഠിതാക്കൾക്ക് കൂടി പ്രോത്സാഹന ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അതിസമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഇൻസെന്റീവ് എന്ന ശീർഷകത്തിൽ 2022-23 സാമ്പത്തികവർഷം 1 കോടി രൂപ അനുവദിച്ചിരുന്നു. ടി തുക ഉപയോഗിച്ച് കൊണ്ട് തന്നെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നു. ആയതിനാൽ 98,95,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 11**

2225-02-001-95— <u>(കിർത്താഡ്സ്) ഗവേഷണവും പരിശീലനവും</u>

ഭരണാനുമതി ലഭിക്കാൻ താമസിച്ചതുമൂലം കിർത്താഡ്സിന്റെ 2021-22 സാമ്പത്തിക വർഷത്തെ 25 ലക്ഷം രൂപയുള്ള പ്രോജക്ടുകൾ പൂർത്തിയാക്കാൻ സാധിക്കാതെ വന്നതായി സമിതി മനസ്സിലാക്കുന്നു. ആയത് ഇ-ലാംസിൽ ഉൾപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും ധനവ്യയ നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിൽ 44.86 ലക്ഷം രൂപ ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനു പര്യാപ്തമായിരുന്നു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 12**

2225-02-800-56—<u>ആദികലാ ഗ്രാമം</u>

പട്ടികജാതി പട്ടികവർഗക്കാരുടെ തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ആദികലാ കേന്ദ്രം. ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും 25.72 ലക്ഷം രൂപ ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനു പര്യാപ്തമായിരുന്നു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 13**

2225-80-001-99-04-1—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) യാത്രാ ചെലവുകൾ – യാത്രാബത്ത

വിവിധ താലൂക്കുകളിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽ നിന്നും വരുന്ന ജാതി സംബന്ധമായ കേസുകളിൽ സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്കു വേണ്ടി അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ യാത്ര ചെയ്യേണ്ടി വരുന്നു. മുൻ വർഷങ്ങളിൽ കുടിശ്ശികയായിട്ടുള്ള യാത്രാബത്ത അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ 1 ലക്ഷം രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുക മുഴുവനായും ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും തുക ലഭിച്ചിരുന്നില്ല.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 14**

2225-80-001-99-05-1—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഓഫീസ് ചെലവുകൾ - വെള്ളക്കരം

വകുപ്പിന് വെള്ളക്കരം ഇനത്തിൽ ഒരു വർഷത്തേക്ക് 30,000 രൂപ ആവശ്യമുള്ളതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ വെള്ളക്കരം ഇനത്തിൽ 84,000 രൂപ കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.04 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 10,000 രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും 1,107 രൂപ ചെലവഴിച്ചു. വെള്ളക്കരത്തിനായി പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 15**

2225-80-001-09-05-2—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഓഫീസ് ചെലവുകൾ – വൈദ്യുതി ചെലവ്</u>

വകുപ്പിന്റെ നവീകരിച്ച പരിശീലന മന്ദിരത്തിൽ എയർകണ്ടീഷനുകൾ സ്ഥാപിക്കുന്നതിനാൽ വലിയ തോതിലുള്ള വൈദ്യുതി ഉപഭോഗം ഉണ്ടാകും എന്നതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ വൈദ്യുതി ചാർജ്ജിനത്തിൽ 57,000 രൂപ കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 1.68 ലക്ഷം രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുക മുഴുവനായും ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും തുക ലഭിച്ചിരുന്നില്ല.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 16**

2225-80-001-99-05-3—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഓഫീസ് ചെലവുകൾ – ടെലഫോൺ ചെലവ്</u>

വകുപ്പിന് നിലവിലുള്ള മൂന്ന് ടെലിഫോൺ കണക്ഷനുകൾ, ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷൻ, എന്നിവയുടെ ചാർജ്ജിനത്തിൽ 90,000 രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 41,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 40,000 രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും 31,850 രൂപ ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും തുക ലഭിച്ചിരുന്നില്ല.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 17**

2225-80-001-99-05-4—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഓഫീസ് ചെലവുകൾ – മറ്റിനങ്ങൾ</u>

കിർത്താഡ്സിലെ ഓഫീസ് ചെലവുകൾക്കായി നാമമാത്രമായ തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. കിർത്താഡ്സിന്റെ ക്യാമ്പസ്, കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കൽ, അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റൽ, കമ്പ്യൂട്ടർ, പഞ്ചിംഗ് സിസ്റ്റം, ഇന്റർകോം, യു.പി.എസ്. എന്നിവയ്ക്ക് എ.എം.സി. എടുക്കൽ, ഫോട്ടോസ്റ്റാറ്റ്, ലേസർ പ്രിന്റർ എന്നിവയുടെ ടോണർ മാറ്റൽ, മറ്റ് അടിയന്തര ഓഫീസ് ചെലവുകൾ തുടങ്ങിയവ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായ തിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 30,000 രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പിന്നീട് വിവിധ ഘട്ടങ്ങളിലായി അധിക ധനപുനർവിനിയോഗം വഴി 30,000 രൂപയും 2,40,000 രൂപയും കൂടി ആകെ പ്രസ്തുത ശീർഷകത്തിൽ 3,00,000 രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) ലഭിച്ചിരുന്നു. പ്രസ്തുത തുക മുഴുവനായും ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 18**

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

കിർത്താഡ്സ് എല്ലാ വർഷവും സംസ്ഥാനത്തെ പട്ടിക വിഭാഗക്കാർക്കായി വിവിധ പരിശീലന ഗവേഷണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ടി പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമുള്ള ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.78 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ 22,000 രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും 15,119 രൂപ ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പര്യപ്തമായിരുന്നു.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 19**

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി /പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഔദ്യോഗിക ഭാഷാ പ്രയോഗം

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 1,000 രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുക മുഴുവനായും ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 9-8-2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 20**

2225-80-001-09-45—<u>കേരള സംസ്ഥാന പട്ടികജാതി /പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -പി.ഒ.എൽ.</u>

വിവിധ പരിശീലന പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിക്കുന്നത് മൂലമുള്ള ഇന്ധന ചെലവ് വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 17,000 രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പിന്നീട് വിവിധ ഘട്ടങ്ങളിലായി അധിക ധനപുനർവിനിയോഗം വഴി 50,000 രൂപയും 40,000 രൂപയും കൂടി ആകെ പ്രസ്തുത ശീർഷകത്തിൽ 1,07,000 രൂപ (ഒരു ലക്ഷത്തി ഏഴായിരം രൂപ മാത്രം) ലഭിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും 83,212 രൂപ ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 9-8-2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 21**

2225-80-001-99-99—<u>കേരള സംസ്ഥാന പട്ടികജാതി /പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - വിവരസാങ്കേതിക വിദ്യ</u>

വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും, സോഫ്റ്റ്‌വെയറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ 1,000 രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുക മുഴുവനായും ചെലവഴിച്ചു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 9-8-2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 22**

4225-02-800-91—കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മെമ്മോറിയൽ മ്യൂസിയം സ്ഥാപിക്കൽ

ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ 5333.33 ലക്ഷം രൂപ ബഡ്ജറ്റിൽ ലഭിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും 509.83 ലക്ഷം രൂപ വകുപ്പിന്റെ എസ്.എൻ.എ (SNA) അക്കൗണ്ടിലേക്ക് മാറ്റി. പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും തുക ലഭിച്ചിരുന്നില്ല.

(പട്ടികജാതി പട്ടികവർഗ വികസന (പി.എം) വകുപ്പിന്റെ 09.08.2023-ലെ പി.എം.1/102/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

പിന്നാക്ക വിഭാഗ വികസന വകുപ്പ്

**ഖണ്ഡിക - 23**

2225-03-001-98—ഓഫീസ് ഓട്ടോമോഷൻ ഉപകരണങ്ങളും ഭരണവും

വകുപ്പിന് കീഴിൽ കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ പുതുതായി ആരംഭിച്ചിട്ടുള്ള മേഖലാ ഓഫീസുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും വാഹന വാടകയ്ക്കുമായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 60 ലക്ഷം രൂപ ബജറ്റ് വിഹിതമായി നീക്കിയിരിപ്പുണ്ടായിരുന്നെങ്കിലും ബജറ്റ് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ ആകെ 38,98,501 രൂപ റിലീസ് ചെയ്യുകയും ആയതിൽ 33,48,646 രൂപ ചെലവഴിക്കുകയും ചെയ്തു. ടി ശീർഷകത്തിൽ 26,51,354 രൂപ ശേഷിച്ചിരുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ അധിക ധനാനുമതി ആവശ്യമായി വന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി.വി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക -24**

2225-03-102-99—<u>പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ തൊഴിൽ പരിശീലനം</u>

ഓട്ടോമൊബൈൽ മേഖലയിൽ മാത്രം ആനുകൂല്യം അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതി ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി രംഗങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഈ പദ്ധതി പ്രകാരം 2021-22 വർഷം തെരഞ്ഞെടുത്ത പരിശീലനാർഥികൾക്ക് അനുവദിക്കുന്നതിനുള്ള കുടിശ്ശിക തുക 2022-23 വർഷത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ വിതരണം ചെയ്തിരുന്നു. അപ്രകാരം പ്രസ്തുത വർഷം വകയിരുത്തിയിരുന്ന 60 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിരുന്നു. തുടർന്നും കുടിശ്ശിക തുക അനുവദിക്കുന്നതിന് ശേഷിച്ച സാഹചര്യത്തിൽ ആകെ 14,97,600 രൂപ അധിക ധനാനുമതിയായും ധനപുനർവിനിയോഗം മുഖേനയും അഭ്യർത്ഥിച്ചിരുന്നെങ്കിലും ധനകാര്യ വകുപ്പിൽ നിന്നും തുക ലഭ്യമായില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി.വി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 25**

2225-03-102-94—<u>കുംഭാര കോളനികളുടെ വികസനം</u>

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനവും തൊഴിൽ നവീകരണവുമാണ് ഈ

പദ്ധതിയിലൂടെ നടപ്പാക്കുവാൻ ലക്ഷ്യമിടുന്നത്. നടപ്പുസാമ്പത്തിക വർഷം പരമാവധി 3.5 കോടി രൂപ ചെലവഴിച്ച് കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 വർഷം പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ നിന്നും തിരഞ്ഞെടുത്ത 5 അപേക്ഷകൾ പരിഗണിക്കുകയുണ്ടായി. 2022-23 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം ശിപാർശ ചെയ്ത അപേക്ഷകളിന്മേൽ ധനകാര്യ വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കാതിരുന്നതിനാൽ ബജറ്റ് വിഹിതം ചെലവഴിക്കാനായിട്ടില്ല. മേൽ സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി.വി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 26**

2225-03-277-99-12—മെട്രിക്കുലേഷന ശേഷമുള്ള പഠനങ്ങൾ സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയും തിരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനും എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യം അനുവദിക്കുന്നതിനും ഈ ശീർഷകത്തിലെ വിഹിതം ഉപയോഗിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കെ.പി.സി.ആർ. പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യത്തിന്റെ നിരക്ക് നിലവിലെ നിരക്കിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാലും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്കുകളിൽ വലിയ വർദ്ധനവുണ്ടായിട്ടുള്ള സാഹചര്യത്തിലും ഈ ശീർഷകത്തിൽ 250 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതി പ്രാകരം ബന്ധപ്പെട്ട ശീർഷകത്തിൽ 182 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നുവെങ്കിലും ബജറ്റ് നിയന്ത്രണം ഏർപ്പെടുത്തി യിരുന്നതിനാൽ ആകെ 135,83,39,183 രൂപ മാത്രമാണ് റിലീസ് ചെയ്ത് ലഭ്യമാക്കിയത്. ആയതിനാൽ 135,79,86,897 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പോസ്റ്റ് മെട്രിക്

വിദ്യാഭ്യാസാനുകൂല്യവുമായി ബന്ധപ്പെട്ട് കുടിശ്ശിക തുക അനുവദിക്കാനുണ്ടായിരുന്ന സാഹചര്യത്തിലും ബജറ്റ് നിയന്ത്രണംമൂലം 46,20,13,103 രൂപ ചെലവഴിക്കാൻ കഴിയാത്തതിനാൽ അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിച്ചില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി.വി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 27**

2225-03-277-90—എംപ്ലോയബിലിറ്റി എൻഹാൻസ്‌മെന്റ് പ്രോഗ്രാം/ട്രെയിനിംഗ്

പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ് സർവ്വീസ്, സിവിൽ സർവ്വീസസ് UGC/JRF/NET/GATE/MAT തുടങ്ങിയ മത്സരപരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം, പ്രൊഫഷണലുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സബ്‌സിഡി ധനസഹായം, തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം മത്സരപരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളവരിൽ പകുതിപേർക്കുപോലും ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇ.ഇ.പി. പദ്ധതി പ്രകാരം 2022-23 വർഷം 6 കോടി രൂപ വകയിരുത്തിയിരുന്നതിൽ ബജറ്റ് നിയന്ത്രണംമൂലം 3.9 കോടി രൂപ മാത്രമാണ് റിലീസ് ചെയ്ത് ലഭ്യമാക്കിയത്. റിലീസ് ചെയ്ത് ലഭ്യമാക്കിയ തുക പൂർണമായും ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചതിൽ എല്ലാവർക്കും ആനുകൂല്യ വിതരണം സാധിക്കാതിരുന്നതിനാൽ 2023-24 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 2022-23 വർഷം ടി ശീർഷകത്തിൽ റിലീസ് ചെയ്ത് നൽകുവാൻ തുക ശേഷിച്ചതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി.വി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 28**

2225-03-800-99—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

കമ്മീഷൻ ചെയർമാൻ, മെമ്പർമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 2225-03-800-99-35- മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ

15 ലക്ഷം രൂപയും, കമ്മീഷൻ അംഗങ്ങളുടെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് 2225-03-800-99-36-ശമ്പളേതരം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥനയായി 15 ലക്ഷം രൂപയാണ് 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം സംബന്ധിച്ച ശീർഷകത്തിൽ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നത്. തുടർന്ന് 27-8-2022-ലെ സ.ഉ.(സാധാ) നം. 82/2022/പി.വി.വി.വ. ഉത്തരവ് പ്രകാരം AMC തുക c-dit-ന് നൽകുവാൻ Additional Authorization മുഖേന 73,499 രൂപ അനുവദിച്ചിട്ടുണ്ട്. വാഹനങ്ങൾ വാങ്ങുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥനയായി തുകയൊന്നും ആവശ്യമായി വന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി.വി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 29**

2225-03-800-81—<u>ഒ.ബി.സി.-യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് ഒരു ലക്ഷം രൂപ വാർഷിക വരുമാനത്തിന് വിധേയമായി 12,000 രൂപാ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനും 2022-23-ലെ പ്രതീക്ഷിത അപേക്ഷകർക്ക് ആദ്യഗഡു ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി പ്രകാരം 2021-22 വർഷം 58,08,000 രൂപ അധിക ധനാനുമതിക്കായി അപേക്ഷിച്ചുവെങ്കിലും ധനകാര്യ വകുപ്പ് തുക നൽകിയിരുന്നില്ല. 2022-23 വർഷം ഈ ഇനത്തിൽ ആകെ 12 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ മുഴുവൻ

തുകയും ചെലവഴിക്കുന്ന വിധം ബജറ്റ് ശീർഷകത്തിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം ഒഴിവാക്കിയത് സാമ്പത്തിക വർഷം അവസാനിക്കുന്ന ഘട്ടത്തിലാണ്. ആയതിനാൽ അധിക ധനാനുമതി അഭ്യർത്ഥിച്ചിരുന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി.വി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 30**

4225-03-190-99—കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ

കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിന്മേൽ വായ്പാവിതരണം നടത്തുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും ഗുണഭോക്താക്കളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിലും ഈ ശീർഷകത്തിൽ 23.9 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഖണ്ഡിക 30-ലെ ശിപാർശ പ്രകാരം കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിന്മേൽ വായ്പാവിതരണം നടത്തുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും, ഗുണഭോക്താക്കളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിലും 4225-03-190-99 എന്ന ശീർഷകത്തിൽ 23.9 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ ടി ശിപാർശ വഴി കോർപ്പറേഷന് അധികമായി തുകയൊന്നും അനുവദിച്ചില്ല. ബഡ്ജറ്റ് വിഹിതമായി 4225-03-190-99 ശീർഷക പ്രകാരം 5.7 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും 3.5 കോടി രൂപ മാത്രമാണ് ടി സാമ്പത്തിക വർഷം റിലീസ് ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയത്. ടി തുക വിവിധ പദ്ധതികൾക്കായി പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതാണ്. ആയതിനാൽ അധിക ധനാനുമതി അഭ്യർഥിച്ചിരുന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി. വി.വി.വ. നമ്പർ കത്ത്)

## ഖണ്ഡിക - 31

4225-03-190-98—<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ</u>

സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനം ദേശീയധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ടി വിഭാഗങ്ങളുടെ പുരോഗതിക്കുതകുന്ന പരിപാടികൾ നടപ്പാക്കിവരുന്നു. ദേശീയ ഏജൻസികളിൽ നിന്നുലഭിക്കുന്ന തുകയ്ക്ക് 10% ആനുപാതിക വിഹിതം നൽകേണ്ടതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 44 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് 2022-23 സാമ്പത്തിക വർഷം 4225-03-190-98 (P) ശീർഷകത്തിൽ വകയിരുത്തിയ 16 കോടി രൂപയിൽ തുകയൊന്നും റിലീസ് ചെയ്ത് ധനകാര്യ വകുപ്പ് അനുമതി നൽകിയില്ല. ആയതിനാൽ അധിക ധനാനുമതി അഭ്യർത്ഥിച്ചിരുന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി.വി.വി.വ. നമ്പർ കത്ത്)

## ഖണ്ഡിക - 32

4225-03-190-97—<u>കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ - ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ</u>

സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ബജറ്റ് പ്രൊപ്പോസൽ അനുസരിച്ചുള്ള പദ്ധതി നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 5.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമവികസന കോർപ്പറേഷന് 2022-23-ലെ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് 70 ലക്ഷം രൂപയാണ്. പ്രസ്തുത 70 ലക്ഷം രൂപയിൽ 32 ലക്ഷം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ ധനകാര്യവകുപ്പ് ഉത്തരവായെങ്കിലും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് തൊട്ട്

മുൻപ് ധനകാര്യവകുപ്പിൽ നിന്നും അനുമതി കിട്ടിയ ടി തുക ട്രഷറി ക്യൂവിൽപ്പെട്ട് കോർപ്പറേഷൻ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 26-7-2023-ലെ എ 1/46/2022/ പി.വി.വി.വ. നമ്പർ കത്ത്)

**ധനാഭ്യർത്ഥന നമ്പർ XLVI – സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**
**സാമൂഹ്യനീതി വകുപ്പ്**

**ഖണ്ഡിക - 33**

2235-02-101-89—<u>ഭിന്നശേഷിക്കാരുടെ ക്ഷേമം ഭിന്നശേഷിക്കാർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5493 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഗ്രാന്റ് നൽകുന്നതിനായി 2235-02-101-89 NP എന്ന ശീർഷകത്തിൽ 2022-2023 സാമ്പത്തിക വർഷത്തിൽ 1.234 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ആയത് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ പി.എച്ച്. ഹോമുകൾക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചതിനു പുറമെ ഗ്രാന്റ് മുഴുവനായി കൊടുത്തു തീർക്കുന്നതിന് 75,60,000 രൂപ ധനാഭ്യർത്ഥന പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 30-5-2023-ലെ ബി2/203/2022/സാ.നി.വ. നമ്പർ കത്ത്]

**ഖണ്ഡിക - 34**

2235-02-101-85—<u>ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്</u>

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന്റെ ഭാഗമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സെൻട്രൽ/നോർത്ത് സോണുകളിൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ ബൈലിംങ്ഗ്വൽ സ്കൂൾ എന്നിവ

ആരംഭിക്കുന്നതിനും പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കും രജത ജൂബിലി പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ 9.638 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്) എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച പ്രപ്പോസൽ ഈ വിഷയം പരിശോധിക്കുന്നതിന് അപര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത തുക 2022-23 സാമ്പത്തിക വർഷം അനുവദിക്കാൻ കഴിഞ്ഞില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 1-8-2023-ലെ എ 3/114/2022/സാ.നീ.വ. നമ്പർ കത്ത്]

**ഖണ്ഡിക - 35**

2235-02-101-69-(04)—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം - യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്

നവജാത ശിശുക്കളുടെ കേൾവി പരിശോധനയ്ക്കായി ഉപയോഗിക്കുന്ന ഓട്ടോ അക്വിസ്റ്റിക് സ്ക്രീനറുകൾ ഭൂരിഭാഗവും കേടുപാടുകൾ വന്നതും മാറ്റേണ്ടതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. പുതിയ ഒ.എ.ഇ. സ്ക്രീനറുകൾ വാങ്ങുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23-ലെ ബജറ്റ് വിഹിതമായ 2.5 കോടി രൂപയ്ക്കു പുറമേ നവജാത ശിശുക്കളുടെ കേൾവി പരിശോധനയ്ക്കായി ഉപയോഗിക്കുന്ന ഓട്ടോ അകൂസ്റ്റിക് സ്ക്രീനറുകൾ വാങ്ങുന്നതിനായി 1 കോടി രൂപയുടെ പ്രൊപ്പോസൽ എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.എസ്.എം. സമർപ്പിച്ചപ്പോൾ നിലവിലുള്ള വിഹിതത്തിൽ നിന്നും സേവിംഗ് കണ്ടെത്തി ശിപാർശ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്]

## ഖണ്ഡിക - 36

2235-02-101-68—<u>ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി</u>

സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി. കാർഡുകൾ വിതരണം ചെയ്യുന്നതിനായി വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, കൂടാതെ ഡി.എം.ഒ. തലത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഒരു ഡോക്ടറും ഡേറ്റാ എൻട്രി ഓപ്പറേറ്ററും അടങ്ങുന്ന സംഘത്തെ എല്ലാ ഡി.എം.ഒ. ഓഫീസുകളിലും നിയോഗിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതിക്കായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 1 കോടി രൂപ പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക തുകയായ 40 ലക്ഷം രൂപ ആവശ്യമില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 30-5-2023-ലെ ബി2/203/2022/സാ.നീ.വ. നമ്പർ കത്ത്]

## ഖണ്ഡിക - 37

2235-02-101-66 —<u>ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ഭിന്ന വൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി - നിരാമയ</u>

ഈ പദ്ധതി പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം, മൾട്ടിപ്പിൾ ഡിസബിലിറ്റീസ് എന്നിവ ബാധിച്ചവർക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് കവറേജ് നൽകി വരുന്നു. കൂടുതൽ അപേക്ഷകൾ പദ്ധതിയുടെ ഭാഗമായി വരുന്നതിനാൽ നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിരാമയ പദ്ധതി പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് കവറേജ് നൽകിവരുന്നു. 2022-23 സാമ്പത്തിക വർഷം ഇതിനായി 2.2 കോടി രൂപ അനുവദിച്ചിരുന്നു. അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 30-5-2023-ലെ ബി2/203/2022/സാ.നീ.വ. നമ്പർ കത്ത്]

**ഖണ്ഡിക - 38**

2235-02-101-57—<u>വെള്ളപ്പൊക്കത്തിൽ ഇരയായവരിൽ വൈകല്യമുള്ളവർക്കുള്ള സഹായം</u>

പ്രളയത്തിൽ സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്ത ഇനത്തിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, നിപ്മർ എന്നീ സ്ഥാപനങ്ങൾക്ക് കുടിശ്ശിക തുക നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 43.23 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ സഹായ ഉപകരണങ്ങൾ നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് അത് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സുരക്ഷാ മിഷൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം സർക്കാർ ഉത്തരവ് GO(Rt) No.656/2019/SJD dated 15-10-2019 പ്രകാരം 2 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1 കോടി രൂപ NIPMR വഴിയും 1 കോടി രൂപ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴിയും ഭിന്നശേഷിക്കാരായ വ്യക്തികളിലേക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്.

ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ കസ്റ്റംമെയ്ഡ് സഹായ ഉപകരണങ്ങൾ നൽകുന്നതിനായി കോട്ടയം, വൈക്കം, തൃശ്ശൂർ എന്നിവിടങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും 176 പേർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ആയതിനായി NIPMR 89,94,143 രൂപ സഹായ ഉപകരണങ്ങൾ നൽകിയ ഇനത്തിലും 3,32,757 രൂപ ക്യാമ്പുകൾ സംഘടിപ്പിച്ച ഇനത്തിലും ആകെ 93,27,100 രൂപ 2019-20 സാമ്പത്തിക വർഷം ചെലവാക്കിയിരുന്നു. എന്നാൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 2020 ഫെബ്രുവരി മാസത്തിൽ 50,00,000 രൂപയും 2023 മാർച്ച് മാസത്തിൽ 31 ലക്ഷം രൂപയും അടക്കം ആകെ 81 ലക്ഷം രൂപ നിപ്മറിന് അനുവദിച്ചിരുന്നു. വികലാംഗ കോർപ്പറേഷന് ആകെ 51,50,000 രൂപയും 2023 മാർച്ച് മാസത്തിൽ 31 ലക്ഷം രൂപയും അടക്കം ആകെ 81 ലക്ഷം രൂപ നിപ്മറിന് അനുവദിച്ചിരുന്നു. വികലാംഗക്ഷേമ കോർപ്പറേഷന് ആകെ 51,50,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

നിപ്മറിന് നൽകാനുള്ള ബാക്കി തുകയായ 12,27,100 രൂപയും വികലാംഗക്ഷേമ കോർപ്പറേഷന് നൽകാനുള്ള ബാക്കി തുകയായ 48,50,000 രൂപയും ചേർത്ത് ആകെ 60,77,100 രൂപ അനുവദിക്കുവാനുള്ളത് 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്]

**ഖണ്ഡിക - 39**

2235-02-104-97—<u>യാചകകേന്ദ്രങ്ങൾ</u>

യാചകകേന്ദ്രങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 47.22 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-2023 വർഷത്തെ അവസാന ഉപധനാഭ്യർഥനയും അവതരിപ്പിച്ച് കഴിഞ്ഞതിനാൽ അധിക ധനാനുമതിവഴിയുള്ള തുക ക്രമവത്കരിക്കുവാൻ സാധ്യമല്ലാത്തതിനാൽ സംരക്ഷണ കേന്ദ്രങ്ങൾ (ബെഗ്ഗർ ഹോം), വയോജന സംരക്ഷണ കേന്ദ്രം എന്നിവയ്ക്ക് അധിക തുക വകയിരുത്തുന്നതിനായി 9-1-2023 തീയതിയായി ഡയറക്ടർ സമർപ്പിച്ച ശിപാർശ അംഗീകരിക്കാൻ കഴിഞ്ഞില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 1-8-2023-ലെ എ 3/114/2022/സാ.നീ.വ. നമ്പർ കത്ത്]

**ഖണ്ഡിക - 40**

2235-02-104-89(31)—<u>അനാഥാലയ നിയന്ത്രണ ബോർഡ് - സഹായധനം - ശമ്പളം</u>

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബോർഡ് അംഗങ്ങൾക്കും കൗൺസിലർമാർക്കും ഓണറേറിയം എന്നിവ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 86.43 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷം അവസാനം അധിക ധനാനുമതിയായി ഒരു കോടി രൂപ ഈ ശീർഷകത്തിൽ അനുവദിച്ച് നൽകിയിരുന്നു. ആയത് പൂർണ്ണമായും ചെലവഴിക്കാത്തതിനാൽ 2022-23 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 1-8-2023-ലെ എ 3/114/2022/സാ.നീ.വ. നമ്പർ കത്ത്]

**ഖണ്ഡിക - 41**

2235-02-107-98(36)—<u>സന്നദ്ധ സംഘടനകൾക്കുള്ള സഹായം -സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ - സഹായധനം - ശമ്പളേതരം</u>

2022-23 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്ക് ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി ശീർഷകങ്ങളിലെ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.6006 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-2023 വർഷത്തെ അവസാന ഉപധനാഭ്യർഥനയും അവതരിപ്പിച്ച് കഴിഞ്ഞതിനാൽ അധിക ധനാനുമതി വഴിയുള്ള തുക ക്രമവത്കരിക്കുവാൻ സാധ്യമല്ലാത്തതിനാൽ സംരക്ഷണ കേന്ദ്രങ്ങൾ (ബെഗ്ഗർ ഹോം), വയോജന സംരക്ഷണ കേന്ദ്രം എന്നിവയ്ക്ക് അധിക തുക വകയിരുത്തുന്നതിനായി 9-1-2023 തീയതിയായി ഡയറക്ടർ സമർപ്പിച്ച ശിപാർശ അംഗീകരിക്കാൻ കഴിഞ്ഞില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 1-8-2023-ലെ എ 3/114/2022/സാ.നീ.വ. നമ്പർ കത്ത്]

**ഖണ്ഡിക - 42**

2235-02-190-98—<u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും ഭരണ നിർവ്വഹണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ സമർപ്പിച്ച ശിപാർശ വിഭവലഭ്യതയുടെ അഭാവത്തിൽ പരിഗണിക്കുകയുണ്ടായില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 1-8-2023-ലെ എ 3/114/2022/സാ.നീ.വ. നമ്പർ കത്ത്]

**ഖണ്ഡിക - 43**

2235-60-200-72(02)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി - തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം - (ആശ്വാസ കിരണം)</u>

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന ടി പദ്ധതി പ്രകാരം നിലവിലെ ഗുണഭോക്താക്കൾക്ക് കുടിശ്ശിക തീർത്ത് ധനസഹായം വിതരണം ചെയ്യുന്നതിനും പുതുതായി പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 61.3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23-ലെ ബജറ്റ് വിഹിതമായ 42.5 കോടി രൂപയിൽ 25 കോടി രൂപ ശീർഷകത്തിൽ അനുവദിച്ച് നൽകിയിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 54 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്]

**ഖണ്ഡിക - 44**

2235-60-200-72(06)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി - സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ</u> അന്തേവാസികളുടെ പരിചാരകർ

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 31 ക്ഷേമസ്ഥാപനങ്ങളിലും അന്തേവാസികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവരുടെ പരിചരണത്തിനുള്ള പദ്ധതികൾക്കായി നടപ്പുസാമ്പത്തിക വർഷം 3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ

ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 31 ക്ഷേമസ്ഥാപനങ്ങളിലും അന്തേവാസികളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇവരുടെ പരിചരണത്തിനായി വകുപ്പിന്റെ ജീവനക്കാർക്ക് പുറമെ കരാർ വ്യവസ്ഥയിൽ MTCP ജീവനക്കാരെ നിയമിച്ചുവരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷം 2235-60-200-72(6)(P) ശീർഷകം മുഖേന 2 കോടി രൂപ അനുവദിച്ചിരുന്നു. ആയത് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ 2235-02-001-96 ശീർഷകത്തിൽ നിന്നും 42,78,000 രൂപാ കൂടി റീ അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷം 2235-60-200-72(6)(P) ശീർഷകത്തിൽ 2.5 കോടി രൂപ വകയിരുത്തുകയും 2023 സെപ്റ്റംബർ മാസം വരെയുള്ള വേതനത്തിനായി 1,47,11,342 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2024 ഫെബ്രുവരി മാസം വരെയുള്ള വേതനം നൽകുന്നതിന് 1,05,08,102 രൂപ കൂടി ആവശ്യമാണ്. ഇപ്രകാരം ആകെ നടപ്പ് വർഷം ടി പദ്ധതിക്കായി ആകെ 2,52,19,444 രൂപ ചെലവാകുന്നതാണ്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്]

**ഖണ്ഡിക - 45**

2235-60-200-72(07)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി വയോമിത്രം

വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പ്രസ്തുത പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം മുതൽ വാതിൽപ്പടി സേവനം കൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 9.4416 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23-ലെ ബജറ്റ് വിഹിതമായ 27.5 കോടി രൂപയിൽ 23.65 കോടി രൂപ ശീർഷകത്തിൽ അനുവദിച്ച് നൽകിയിരുന്നു. 9.4416 കോടി രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ കെ.എസ്സ്.എസ്സ്.എം. -ൽ നിന്നും ലഭ്യമാക്കിയിരുന്നില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്]

**ഖണ്ഡിക - 46**

2235-60-200-68—<u>മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്കു വേണ്ടിയുള്ള സാമൂഹ്യ മനഃശാസ്ത്ര സേവനം</u>

പൊതു നിരത്തിൽ കാണുന്ന അനാഥരായിട്ടുള്ള മാനസിക രോഗികൾക്ക് അടിയന്തര സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ആവശ്യപ്പെടുന്ന മുഴുവൻ തുകയും അനുവദിക്കുന്നതിനും പുതിയ സൈക്കോസോഷ്യൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പൊതുനിരത്തിൽ കാണുന്ന അനാഥരായിട്ടുള്ള മാനസിക രോഗികൾക്ക് അടിയന്തര സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ നിലവിൽ 40 സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നുണ്ട്. പുതുതായി 4 സ്ഥാപനങ്ങൾക്കുകൂടി തുക അനുവദിക്കേണ്ടതുണ്ട്, 2022-23 ബജറ്റിൽ ഈ ഇനത്തിൽ 5 കോടി രൂപ അനുവദിച്ചിരുന്നു. അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 30-5-2023-ലെ ബി2/203/2022/സാ.നീ.വ. നമ്പർ കത്ത്]

**ഖണ്ഡിക - 47**

2235-02-800-98—<u>മിശ്രവിവാഹങ്ങൾ</u>

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരിൽ നിന്നും 2016 മുതൽ 2021 മാർച്ച് വരെ ലഭിച്ച 4100 അപേക്ഷകൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ധനസഹായം അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ടി അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.51 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ സാമ്പത്തിക ദുരിതമനുഭവിക്കുന്ന മിശ്രവിവാഹ ദമ്പതിമാർക്ക് വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷം മുതൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും 2017-18 സാമ്പത്തിക വർഷം മുതൽ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ

തലങ്ങളിലും ധനസഹായം അനുവദിക്കുവാൻ കുടിശ്ശിക ഉള്ളതാണ്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം മുനിസിപ്പാലിറ്റി ശീർഷകത്തിൽ അനുവദിച്ച് വന്ന 19,20,000 രൂപയും കോർപ്പറേഷൻ ശീർഷകത്തിൽ അനുവദിച്ചു വന്ന 15,40,000 രൂപയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് (2235-02-197-50-NV) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1,11,00,000 രൂപ 370 ഗുണഭോക്താക്കൾക്ക് 30,000 രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്. മാർച്ച് 2021 വരെയുള്ള കുടിശ്ശിക തുക മുഴുവൻ നൽകുവാൻ 9,57,90,000 രൂപ കൂടി അധികമായി ആവശ്യമായിരുന്നു. 2016-17 മുതൽ 2021 മാർച്ച് വരെ ബ്ലോക്ക് തലത്തിലെ മിശ്രവിവാഹിതർക്കുള്ള ധനസഹായം കൊടുത്തു തീർക്കുന്നതിനായി 9,57,90,000 രൂപ അധിക ധനാനുമതിയിലൂടെ അനുവദിച്ചില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്]

**ഖണ്ഡിക - 48**

4235-02-402-88—ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ നിർമ്മാണം

കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാരംഭ പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനും ഉദ്ദേശിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മരാമത്ത് പണികൾക്കായി 5 സെന്ററുകൾക്കുകൂടി പണം അനുവദിക്കുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനുമായി 5 ജില്ലകളിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 5 കോടി രൂപയുടെ പ്രൊപ്പോസൽ നൽകിയിരുന്നു. നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ച ശേഷം പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ PWD-യിൽ നിന്നും ബില്ലുകൾ ലഭിക്കാത്ത സാഹചര്യത്തിൽ തുക ചെലവഴിക്കാൻ സാധിച്ചില്ലെന്ന് ഇ.ഡി.കെ.എസ്സ്.എസ്സ്.എം. അറിയിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്]

## ഖണ്ഡിക - 49

ട്രാൻസിറ്റ് ഹോം (പുതിയ പദ്ധതി)

അനധികൃതമായി രാജ്യത്ത് പ്രവേശിച്ച വിദേശികൾക്കും ശിക്ഷ കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികൾക്കും താൽക്കാലിക താമസസൗകര്യം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ട്രാൻസിറ്റ് ഹോം എന്ന പുതിയ പദ്ധതി ആരംഭിക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. നാട്ടിലേക്ക് തിരിച്ചയയ്ക്കുന്നവരെ ജയിൽ വിമുക്തരാക്കപ്പെട്ട വിദേശികളെ എല്ലാ സുരക്ഷിതത്വവും ഉറപ്പാക്കി താമസിപ്പിക്കുന്നതിന് ട്രാൻസിറ്റ് ഹോം നിർമ്മിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി രേഖയിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും ബഡ്ജറ്റ് വിഹിതം ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രാൻസിറ്റ് ഹോം നിർമ്മാണത്തിനായി ഒരു പുതിയ ശീർഷകം അനുവദിച്ച് ആയതിന് 3.8 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനായി അനുയോജ്യമായ കെട്ടിടം കണ്ടെത്തി, കെട്ടിടം വാടകയ്ക്ക് എടുക്കേണ്ട പക്ഷം ട്രാൻസിറ്റ് ഹോം അടിയന്തരമായി പ്രവർത്തിപ്പിക്കേണ്ട സാഹചര്യം പരിഗണിച്ച് നിലവിലുള്ള വ്യവസ്ഥകളിൽ/ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി കെട്ടിടം വാടകയ്ക്ക് എടുത്ത് പ്രസ്തുത ട്രാൻസിറ്റ് ഹോം പദ്ധതി ആരംഭിക്കുന്നതിനും, പ്രസ്തുത പദ്ധതിക്കായുള്ള ചെലവ് 2235-01-800-99-34-03-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതിനും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി 3-9-2022-ലെ സ.ഉ.(എം.എസ്.) നമ്പർ 10/2022/സാ.നീ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. കൊല്ലം ജില്ലയിലെ കൊട്ടിയത്ത് 30 പേരെ താമസിപ്പിക്കുന്നതിനു സൗകര്യമുള്ള വാടകക്കെട്ടിടത്തിൽ ട്രാൻസിറ്റ് ഹോം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 1-8-2023-ലെ എ 3/114/2022/സാ.നീ.വ. നമ്പർ കത്ത്]

വനിതാ ശിശുവികസന വകുപ്പ്

## ഖണ്ഡിക - 50

2235-02-001-90—വനിതാ ശിശുവികസന ഡയറക്ടറാഫീസ്

വനിതാ ശിശുവികസന വകുപ്പിനു കീഴിൽ ജില്ലാ തലത്തിൽ ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതിനാൽ 14 ജില്ലാ ഓഫീസുകളിലെയും ജീവനക്കാർക്ക് യാത്രബത്ത അനുവദിക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, മറ്റ് ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം തുടങ്ങിയ

ചെലവുകൾ വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.52 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2235-02-001-90-ലെ വിവിധ ശീർഷകങ്ങളിൽ

1. സ.ഉ.(സാധാ) നം.3824/2022 തീയതി 21-5-2022 ....68,000 രൂപ
2. സ.ഉ.(സാധാ) നം.4471/2022 തീയതി 18-6-2022 ....3,60,000 രൂപ
3. സ.ഉ.(സാധാ) നം.5387/2022 തീയതി 27-7-2022 ....77,000 രൂപ
4. സ.ഉ.(സാധാ) നം.5559/2022 തീയതി 5-8-2022 ....3,48,000 രൂപ
5. സ.ഉ.(സാധാ) നം.7166/2022 തീയതി 25-10-2022 ....1,00,000 രൂപ
6. സ.ഉ.(സാധാ) നം.6202/2022 തീയതി 2-9-2022 ....2,33,000 രൂപ
7. സ.ഉ.(സാധാ) നം.6793/2022 തീയതി 10-10-2022 ....55,000 രൂപ
8. സ.ഉ.(സാധാ) നം.7293/2022 തീയതി 31-10-2022 ....1,04,000 രൂപ
9. സ.ഉ.(സാധാ) നം.8333/2022 തീയിതി 8-12-2022 ....2,00,000 രൂപ
10. സ.ഉ.(സാധാ) നം.8333/2022 തീയിതി 8-12-2022 ....1,00,000 രൂപ

എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം അധിക ധനവിഭവ സമാഹരണം മുഖേന 16,45,000 രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(വനിതാ ശിശുവികസന വകുപ്പിന്റെ 16-2-2023-ലെ വ.ശി.വി.വ.-എ 1/75/2022-വ.ശി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 51**

2235-02-001-89—<u>വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള സാമൂഹ്യനീതി വകുപ്പ് ഓഫീസുകൾ സ്ഥാപനങ്ങൾ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നിലവാരം</u>

വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള 14 ജില്ലാ വനിതാ ശിശു വികസന കാര്യാലയങ്ങളിലെയും 14 വനിതാ സംരക്ഷണ കാര്യാലയങ്ങളിലെയും കരാർ വാഹനങ്ങളുടെയും ഡയറക്ടറേറ്റിൽ പുതിയതായി കരാർ അടിസ്ഥാനത്തിൽ എടുക്കുന്ന 2 വാഹനങ്ങളുടെയും കരാർ വാടക തുക അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ ചെലവായ തുക 3.63 കോടി രൂപ ആയിരുന്നു. ബജറ്റ് വിഹിതമായിരുന്ന 4 കോടി രൂപ മുഴുവനും വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന അധിക തുക ആവശ്യമായി വന്നില്ല. പ്രസ്തുത സാഹചര്യത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 11-7-2023-ലെ WCD-C3/295/2022-WCD നമ്പർ കത്ത്)

**ഖണ്ഡിക - 52**

2235-02-102-62—കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മന:ശാസ്ത്ര സേവനം

സ്കൂളുകളിൽ കൗമാരക്കാരായ വിദ്യാർത്ഥിനികൾക്ക് കൗൺസിലിംഗും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് നിയോഗിച്ചിട്ടുള്ള 1000 സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് 24,000 രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സൈക്കോ - സോഷ്യൽ കൗൺസിലർമാർക്ക് ഓണറേറിയം നൽകുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ, 2235-02-102-62((P)-01-01-5(OA) ഉപശീർഷകത്തിലെ ബജറ്റ് വിഹിതമായ 25,98,05,000 രൂപയ്ക്കു പുറമേ 13-3-2023-ലെ സഉ(സാധാ).1823/2023/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ധന പുനർവിനിയോഗം മുഖേന അധികമായി രണ്ടു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 11-7-2023-ലെ WCD-C3/295/2022-WCD നമ്പർ കത്ത്)

**ഖണ്ഡിക - 53**

2235-02-102-56—അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ – ഒരു ജീവിതചക്ര സമീപനം

സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് അങ്കണവാടികളെ സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം

കുടുംബശ്രീയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനും 2021-22 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു തുക അനുവദിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 11-7-2023-ലെ വ.ശി.വി.വ-ബി2/66/2023-വ.ശി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 54**

2235-02-102-53—ചൈൽഡ് റൈറ്റ്സ് കമ്മീഷൻ

ചൈൽഡ് റൈറ്റ്സ് കമ്മീഷന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ കൺസോളിഡേറ്റഡ് പേ ഇനത്തിലെ സാലറി, കമ്മീഷനിലെ റിട്ടയർ ചെയ്ത മെമ്പർമാരുടെ ആനുകൂല്യം എന്നിവ നൽകുന്നതിനും കെക്സ്കോണിലെ സെക്യൂരിറ്റി സേവനം അനുഷ്ഠിക്കുന്നവർക്ക് വേതനം നൽകുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ, മെമ്പർമാർ തുടങ്ങിയവരുടെ വേതനം നൽകുന്നതിന് 2022-23 സാമ്പത്തിക വർഷം 2235-02-102-53-02-04-Consolidated pay-ൽ ഫണ്ട് പര്യാപ്തമായിരുന്നു.

Kexcon Security ജീവനക്കാരുടെ വേതനം, ഓഫീസ് ചെലവുകൾ, തപാൽ ചാർജ്ജുകൾ മുതലായവ നൽകുന്നതിന് 2235-02-102-53-05-4 (NP) ശീർഷകത്തിൽ നിന്നും 2,50,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിരുന്നു.

കമ്മീഷനിൽ നിന്ന് റിട്ടയർ ചെയ്ത മെമ്പർമാർക്ക് ആനുകൂല്യം നൽകുന്നതിനും Kexcon-ൽ നിന്നും സെക്യൂരിറ്റി സർവ്വീസ് നടത്തുന്ന ജീവനക്കാർക്ക് സെക്യൂരിറ്റി ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവയ്ക്കായി 2235-02-102-53-34-3(NP) ശീർഷകത്തിൽ ആദ്യം രണ്ട് ലക്ഷം രൂപ അധിക ധനാനുമതിയായും തുടർന്ന് കാലടി യൂണിവേഴ്സിറ്റിയിൽ നിന്നും കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കിയിരുന്ന ശ്രീ. ബിജു പി. സെക്ഷൻ

ഓഫീസറിന്റെ ഡെപ്യൂട്ടേഷൻ കാലയളവിൽ ബാക്കി അടയ്ക്കാനുണ്ടായ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിനായി 80,000 രൂപ ടി ശീർഷകത്തിൽ നിന്ന് ധനപുനഃവിനിയോഗം വഴിയും അനുവദിച്ചിരുന്നു.

(വനിത ശിശുവികസന വകുപ്പിന്റെ 19-5-2023-ലെ A2/153/2022-WCD നമ്പർ കത്ത്)

**ഖണ്ഡിക - 55**

2235-02-102-47—<u>ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം (60% കേന്ദ്രസഹായം)</u>

വനിതാ ശിശുവികസന വകുപ്പിനു കീഴിലെ 169 ഐ.സി.ഡി.എസുകളിലേയും 3 പ്രോഗ്രാം ഓഫീസുകളിലെയും, ഡയറക്ടറേറ്റിലെയും കരാർ വാഹനങ്ങൾക്ക് വാടക നൽകുന്നതിനും, സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയവും, പെർഫോർമൻസ് ലിങ്ക്ഡ് ഇൻസെന്റീവും അനുവദിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 31.68 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേന്ദ്രാവിഷ്കൃത പദ്ധതി ആകയാൽ 2022-23 സാമ്പത്തിക വർഷം മുതൽ PFMS-SNA വഴിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ശീർഷകമായിരുന്ന 2235-02-102-47(P)-ന് പകരം 2235-02-102-18(P) എന്ന പുതിയ ശീർഷകം അനുവദിക്കുകയും 2235-02-102-47(P) യിൽ ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന 470 കോടി രൂപ ഈ ശീർഷകത്തിലേക്ക് G.O.(Rt)No.3276/2022/ Fin. Dtd. 29-4-2022 ഉത്തരവ് പ്രകാരം Re-appropriation മുഖേന മാറ്റുകയും ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ കേന്ദ്ര വിഹിതമില്ലാത്ത ചെലവിനങ്ങൾ വഹിക്കുന്നതിന് G.O.(Rt)No.6271/2022/fin. Dtd. 6-9-2022 ഉത്തരവ് പ്രകാരം 2235-02-102-18-05 (Additional State Assistance) എന്ന ശീർഷകം സൃഷ്ടിച്ച് അതിൽ G.O.(Rt)No. 6278/2022/Fin. Dtd. 6-9-2022 ഉത്തരവ് പ്രകാരം 90 ലക്ഷം രൂപ Re-appropriation മുഖേന വകയിരുത്തിയിട്ടുണ്ട്.

ICDS പ്രവർത്തകരുടെ ശമ്പള അനുബന്ധ ചെലവുകൾക്കും അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം നൽകുന്നതിനുമായി 260,00,00,000 രൂപ G.O.(Rt) No. 3277/2022/Fin. Dtd. 29-4-2022 പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന വകയിരുത്തിയിട്ടുണ്ട്.

ഇപ്രകാരം ICDS പദ്ധതിയ്ക്കായി 470 കോടി രൂപ ബജറ്റ് വിഹിതത്തിനു പുറമെ 384 കോടി രൂപ കൂടി 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാർ വകയിരുത്തിയിട്ടുണ്ട് (ആകെ 884.16 കോടി രൂപ)

(വനിതാശിശു വികസന (സി) വകുപ്പിന്റെ 11-7-2023-ലെ WCD-C3/295/2022-WCD നമ്പർ കത്ത്)

**ഖണ്ഡിക - 56**

2235-02-102-36(02)—ഒ.ആർ.സി. ഉൾപ്പെടെയുള്ള നൂതന പദ്ധതികൾ-കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി

കുട്ടികളുടെ സംരക്ഷണത്തിനായി Suicide Prevention Cell, Parenting Clinic തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ബാലക്ഷേമ സമിതി മുമ്പാകെ എത്തുന്ന അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് ശാരീരിക മാനസിക സാമൂഹിക ശ്രദ്ധയും സംരക്ഷണവും ഉറപ്പുവരുത്തുന്ന കാവൽ പ്ലസ് പദ്ധതിയുടെ നടത്തിപ്പിലേക്കായി സന്നദ്ധ സംഘടനകൾക്ക് അവസാന ഗഡുവായി 5,00,000 രൂപ അനുവദിക്കുന്നതിനും, കാവൽ പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ ടി കുട്ടികളുടെ പുനരധിവാസത്തിന് കൂടുതൽ ഫണ്ട് ആവശ്യമായി വരുന്നതിനാലും നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായിരുന്ന 10 കോടി രൂപ മുഴുവനും വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല. പ്രസ്തുത സാഹചര്യത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 11-7-2023-ലെ WCD-C3/295/2022-WCD നമ്പർ കത്ത്)

**ഖണ്ഡിക - 57**

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ് - അംശദാനം

ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി 2022-23 വർഷത്തേയ്ക്ക് ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം

സംസ്ഥാന വിഹിതമായി 1,37,59,814 രൂപ ആവശ്യമായി വരുന്നു. ഇതിനു പുറമേ 2018-19 വർഷത്തെ ഭരണചെലവുകൾക്കായി കേന്ദ്ര ബോർഡ് അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 59,52,225 രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 1.0092 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 11-7-2023-ലെ WCD-C3/295/2022-WCD നമ്പർ കത്ത്)

**ഖണ്ഡിക - 58**

2235-02-103-89—വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

നഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് ഇംഗ്ലീഷ് ഭാഷ ഉൾപ്പെടെയുള്ള വിദേശ ഭാഷകളിൽ പരിശീലനം നൽകി അവരെ വിദേശരാജ്യങ്ങളിൽ ജോലി നേടുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 11-7-2023-ലെ വ.ശി.വി.വ-ബി2/66/2023-വ.ശി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക -59**

2235-02-103-85—ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കൽ

ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിലും ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവ വഹിക്കുന്നതിനും നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.6 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

20-7-2022-ലെ G.O(Rt) No.5200/2022/Fin സർക്കാർ ഉത്തരവ് പ്രകാരം ധനപുനർവിനിയോഗം മുഖേന 33,000 രൂപയും 16-1-2023-ലെ G.O.(Rt)No.301/ 2022/Fin സർക്കാർ ഉത്തരവ് പ്രകാരം ധനപുനർവിനിയോഗം മുഖേന 65,000 രൂപയും ചേർത്ത് ആകെ 98,000 രൂപ അധികമായി ലഭ്യമായിട്ടുണ്ട്. ഈ ശീർഷകത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ ചെലവായ തുക 2.78 കോടി രൂപ.

(വനിതാശിശു വികസന (എ) വകുപ്പിന്റെ 11-7-2023-ലെ വ.ശി.വി.വ-എ 3/115/2022-വ.ശി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 60**

2235-02-103-80—<u>ജെൻഡർ പാർക്ക്</u>

കോഴിക്കോടുള്ള ജെൻഡർ പാർക്ക് ക്യാമ്പസ്സിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ കുടിശ്ശിക നൽകുന്നതിനായും അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രത്തിന്റെ പ്രാരംഭ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 16.38 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 11-7-2023-ലെ വ.ശി.വി.വ-ബി2/66/2023-വ.ശി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക -61**

2235-02-103-77—<u>വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ധനസഹായം</u>

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ അർഹതയുള്ള എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. മുൻ വർഷത്തെ കുടിശ്ശിക നൽകുന്നതിനും നടപ്പ് സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.06 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർഥന വഴി തുക വകയിരുത്തുന്നതിനും അഡീഷണൽ ഓതറൈസേഷൻ മുഖേന രണ്ടുകോടി രൂപ ആവശ്യപ്പെട്ടുകൊണ്ടും പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പരിഗണിച്ചിട്ടില്ല. ഈ ശീർഷകത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ ചെലവായ തുക 43.66 ലക്ഷം രൂപ.

(വനിതാശിശു വികസന (എ) വകുപ്പിന്റെ 11-7-2023-ലെ വ.ശി.വി.വ-എ 3/115/2022-വ.ശി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക -62**

2235-02-103-57 -<u>അക്രമങ്ങളിൽ നിന്നും രക്ഷപ്പെട്ടവർക്കുള്ള ആശ്വാസ നിധി</u>

അതിക്രമങ്ങൾക്ക് ഇരകളായ നിരവധി പേർക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ആശ്വാസനിധി ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ഇടയിൽ വേണ്ടത്ര പ്രചാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ നടപ്പ സാമ്പത്തിക വർഷത്തിൽ കൂടുതൽ അപേക്ഷകർ ഉണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു. കഴിഞ്ഞ വർഷത്തെ കുടിശ്ശിക നൽകുന്നതിനും പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

G.O(Rt)No. 2235/2023/Fin. Dated 22-3-2023 പ്രകാരം ഈ ശീർഷകത്തിൽ 60,80,000 രൂപ (അറുപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) അധികതുകയായി അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 11-7-2023-ലെ വ.ശി.വി.വ-ബി2/66/2023-വ.ശി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 63**

2235-02-103-51-<u>സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശീലനം</u>

സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് എല്ലാ ജില്ലകളിലും മഹിളാശക്തികേന്ദ്രവുമായി സംയോജിപ്പിച്ചുകൊണ്ട് നൈപുണ്യകേന്ദ്രങ്ങൾ ആരംഭിക്കുക, വ്യവസായ വകുപ്പും കിൻഫ്രയുമായി സംയോജിച്ച് സ്ത്രീകൾക്കായി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക,

തൊഴിൽ മേളകൾ സംഘടിപ്പിക്കുക, സർക്കാർ വകുപ്പുകളും ഏജൻസികളുമായി സഹകരിച്ച് വനിതാ തൊഴിൽ പോർട്ടൽ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക, തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾക്കായി നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 11-7-2023-ലെ വ.ശി.വി.വ-ബി2/66/ 2023-വ.ശി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 64**

2235-02-104-99 - ശ്രീ ചിത്രാ ഹോം സഹായധനം

ശ്രീ ചിത്രാ ഹോം ജീവനക്കാർക്ക് 2022-23 സാമ്പത്തിക വർഷം പേറിവിഷൻ നൽകി ശമ്പളം നൽകുന്നതിനും, ശ്രീചിത്രാ ഹോമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, കുമാരപുരത്തുള്ള 1 ഏക്കർ ഭൂമിയിൽ രോഗീസൗഹൃദ ഷോർട്ട് സ്റ്റേ കെട്ടിടം, മാതൃശിശു പുനരധിവാസ ഷോർട് സ്റ്റേ, മുതിർന്ന പെൺകുട്ടികൾക്കുള്ള ആഫ്റ്റർ കെയർ ഹോം, അപ്പാരൽ തൊഴിൽ യൂണിറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60.96 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 11-7-2023-ലെ WCD-C3/295/2022-WCD നമ്പർ കത്ത്)

**ഖണ്ഡിക -65**

2235-02-106-91—വിവിധ ശിശുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ഫണ്ട്

2021-22 സാമ്പത്തിക വർഷം ബാലനിധി ഫണ്ട് ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുള്ളതിനാൽ ടി ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായിരുന്ന 10 ലക്ഷം രൂപയിൽ 9.94 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ബാലനിധി പദ്ധതിക്ക് വേണ്ടി പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ ലഭിക്കുന്നുണ്ട്. അതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന അധിക തുക ആവശ്യമായി വന്നില്ല. പ്രസ്തുത സാഹചര്യത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 11-7-2023-ലെ WCD-C3/295/2022-WCD നമ്പർ കത്ത്)

**ഖണ്ഡിക - 66**

2235-60-200-72(01)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി - ക്യാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി</u>

ക്യാൻസർ രോഗം ബാധിച്ച 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന ഈ പദ്ധതി പ്രകാരം പ്രതിവർഷം 700 ഓളം ഗുണഭോക്താക്കൾക്ക് ചികിത്സ നൽകി വരുന്നു. ഈ സാമ്പത്തിക വർഷം മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതത്തിനു പുറമേ അധികമായി സമിതി ശിപാർശ ചെയ്ത തുകയായ 4 കോടി രൂപ അനുവദിക്കാൻ വേണ്ടി 11-10-2022-ലെ 1313/21/P2/KSSM നമ്പർ കത്ത് പ്രകാരം KSSM പ്രൊപ്പോസൽ സർക്കാരിലേക്ക് നൽകിയെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം 2023-24-ലെ SDG-യിൽ ആയത് പരിഗണിക്കാൻ തീരുമാനിക്കുകയുണ്ടായി.

2022-23 വർഷം ബജറ്റ് വിഹിതം : 4.40 കോടി രൂപ.

ലഭിച്ച തുക : 4.40 കോടി രൂപ.

ചെലവഴിച്ച തുക : 4.39 കോടി രൂപ.

2023-24 വർഷം മുതൽ പ്രസ്തുത പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുന്നു.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്)

## ഖണ്ഡിക - 67

2235-60-200-72(05)—<u>താലോലം പദ്ധതി</u>

ജന്മനായുള്ള ഹൃദയ വൈകല്യങ്ങൾ, ജനിതക രോഗങ്ങൾ, മറ്റ് ഗുരുതര രോഗങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിനു അധികമായി 2 കോടി രൂപ അനുവദിക്കുന്നതിനും, നടപ്പു സാമ്പത്തിക വർഷം മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 വർഷത്തെ ബജറ്റ് വിഹിതമായ 7 കോടി രൂപ 2023 മാർച്ച് മാസത്തിലാണ് ബന്ധപ്പെട്ട ആശുപത്രികൾക്ക് അനുവദിച്ചത്. ആയതിനാൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം അധിക തുക ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ ലഭ്യമാക്കുവാൻ KSSM-ന് കഴിഞ്ഞില്ല. ലഭിച്ച 7 കോടി രൂപയിൽ 6.76 കോടി രൂപയും ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിനു അനുവദിച്ചിട്ടുണ്ട്. 2023-24 വർഷം മുതൽ പ്രസ്തുത പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുന്നു.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്)

## ഖണ്ഡിക - 68

2235-60-200-72 (11)—<u>സ്നേഹപൂർവ്വം പദ്ധതി</u>

മാതാവോ, പിതാവോ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നല്കുന്ന പ്രസ്തുത പദ്ധതിയിൽ അർഹരായ കുട്ടികൾക്ക് 2020-21 അധ്യയന വർഷത്തെ കുടിശ്ശിക തുക നല്കുന്നതിന് കൂടുതൽ തുക അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 35.4847 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 17 കോടി രൂപയിൽ 11.0500 കോടി രൂപയാണ് അനുവദിച്ചത്. ആയതു കാരണം അധിക തുക അനുവദിക്കുന്നതിനു പ്രൊപ്പോസൽ സർക്കാരിലേക്ക് ലഭ്യമാക്കുവാൻ KSSM-ന് കഴിഞ്ഞില്ല.

ബജറ്റ് വിഹിതം : 17 കോടി രൂപ

ലഭിച്ച തുക : 11.0500 കോടി രൂപ

ചെലവഴിച്ച തുക : 11.0499 കോടി രൂപ

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 9-8-2023-ലെ എസ്.ജെ.ഡി-സി2/162/2023-എസ്.ജെ.ഡി. നമ്പർ കത്ത്)

**ഖണ്ഡിക - 69**

4235-02-103-99—<u>നിർഭയ ഹോമുകളുടെ നിർമ്മാണം</u>

പീഡനത്തിന് ഇരയാകുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള അഭയ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിലെ പുതിയ ഹോമുകളുടെ കെട്ടിട നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-2023 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല. സ.ഉ.(സാധാ)നം. 36/2023/വശിവിവ, തീയതി 20.01.2023 പ്രകാരം പാലക്കാട് നിർഭയ ഹോം നിർമ്മാണത്തിനായി 1.40 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ ശീർഷകത്തിന്റെ CCO, ചീഫ് എഞ്ചിനീയർ, പിഡബ്ല്യൂഡി ബിൽഡിംഗ്സ് & ലോക്കൽ വർക്ക് ആയതിനാൽ ഈ വർക്ക് ചെയ്ത് തീരുന്ന മുറയ്ക്ക് തുക CCO അനുവദിച്ചു നൽകുന്നതാണ്. ഇടുക്കി ജില്ലയിലെ ഹോമിന്റെ കെട്ടിട നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് പിഡബ്ല്യൂഡി-ൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ നിന്നും ഫണ്ട് വിനിയോഗിക്കാൻ കഴിഞ്ഞില്ല. ബജറ്റ് വിഹിതമായി ലഭിച്ച ഫണ്ട് മുഴുവനായും വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 11-7-2023-ലെ വ.ശി.വി.വ-ബി2/66/2023-വ.ശി.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 70**

2235-02-106-98—<u>ദുർഗുണ പരിഹാര പാഠശാല</u>

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികൾക്കുള്ള അടിയന്തര ചികിത്സാ ചെലവ്, മരുന്ന്, മറ്റ് ചെലവുകൾ, സ്ഥാപനത്തിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വാഹനങ്ങളുടെ ഇന്ധനവില എന്നിവയിലുണ്ടാകുന്ന വർദ്ധനവും, വാഹനങ്ങളുടെ

അറ്റകുറ്റപ്പണികളും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

12-12-2022 തീയതിയിലെ GO(Rt) No. 8397/2022/Fin നമ്പർ ഉത്തരവ് പ്രകാരം ദുർഗുണ പരിഹാര പാഠശാലയിലെ 05-1 വാട്ടർ ചാർജ്ജ് ഇനത്തിൽ 1,30,000 രൂപയും, 05-2 ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ 1,10,000 രൂപയും, 05-4 മറ്റിനങ്ങൾ ശീർഷകത്തിൽ 15,000 രൂപയും, 45 പി.ഒ.എൽ. ശീർഷകത്തിൽ 30,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

(ആഭ്യന്തര (ബി) വകുപ്പിന്റെ 7-8-2023-ലെ 234/2022/ആഭ്യന്തരം നമ്പർ കത്ത്)

**ഖണ്ഡിക - 71**

2235-02-106-92—തടവുകാരുടെ ക്ഷേമം

വിയ്യൂർ സെൻട്രൽ ജയിലിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 10 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് തുക ഉൾപ്പെടെ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട കുടിശ്ശിക തുക അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 76.13 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജല അതോറിറ്റിയ്ക്ക് നൽകുവാനുള്ള 80,20,728 (എൺപത് ലക്ഷത്തി ഇരുപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തിയെട്ട്) രൂപ 4-8-2023-ലെ സ.ഉ(കൈ) നം.174/2023/ആഭ്യന്തരം ഉത്തരവ് പ്രകാരം അനുവദിച്ച് നല്കിയിട്ടുണ്ട്.

(ആഭ്യന്തര (ബി) വകുപ്പിന്റെ 7-8-2023-ലെ 234/2022/ആഭ്യന്തരം നമ്പർ കത്ത്)

**പൊതുഭരണ വകുപ്പ്**

**ഖണ്ഡിക-72**

2235-02-001-87-31—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം

കമ്മീഷനിലെ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പളം, മറ്റ് അലവൻസുകൾ, പേ റിവിഷൻ അരിയർ, മുൻ കമ്മീഷൻ അംഗങ്ങളുടെ ടെർമിനൽ സറണ്ടർ എന്നിവ നൽകുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.123 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 2235-02-800-87-31 സാലറി ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 1,87,70,000 രൂപയ്ക്ക് (ഒരു കോടി എൺപത്തി ഏഴ് ലക്ഷത്തി എഴുപതിനായിരം രൂപ) പുറമേ 44,15,000 രൂപയ്ക്ക് (നാൽപ്പത്തിനാല് ലക്ഷത്തി പതിനയ്യായിരം രൂപ) അഡീഷണൽ ഓതറൈസേഷൻ വഴി 23.01.2023-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുകയും, അധികമായി അനുവദിച്ച തുക ശമ്പള ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിരുന്നു.

(പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 30-6-2023-ലെ സിഡിഎൻ.3/85/2023/ പൊ.ഭ.വ. നമ്പർ കത്ത്)

**ഖണ്ഡിക-73**

2235-02-001-87-36—<u>മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളേതരം</u>

കേരള ആക്ട് 2/2016 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മീഷന്റെ 9-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി സാമൂഹിക സാമ്പത്തിക സർവേ നടത്തിയതുമായി ബന്ധപ്പെട്ട് കുടുംബശ്രീയ്ക്ക് കുടിശ്ശിക തുക അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ 2235-02-800-87-36 നോൺ സാലറി ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 40,00,000 (നാൽപ്പത് ലക്ഷം രൂപ) രൂപയിൽ 28 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരുന്നു. ഇതിൽനിന്നു തന്നെ കുടുംബശ്രീയ്ക്ക് നൽകാനുള്ള 14 ലക്ഷം രൂപ നൽകിയതിനാൽ അധിക തുക വകയിരുത്തേണ്ടിവന്നിട്ടില്ല.

(പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 30-6-2023-ലെ സിഡിഎൻ.3/85/2023/ പൊ.ഭ.വ. നമ്പർ കത്ത്)

**ഖണ്ഡിക-74**

2235-02-190-97—<u>കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം</u>

2019-20 സാമ്പത്തിക വർഷം വിജയകരമായി നടപ്പിലാക്കിയ ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയ മംഗല്യ സമുന്നതി പദ്ധതിക്ക് ഈ സാമ്പത്തിക വർഷം 2 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. കൂടാതെ മുന്നാക്ക സമുദായങ്ങളിലെ

ഏറ്റവും ജനശ്രദ്ധ നേടിയ പദ്ധതിയായ ഭവന സമുന്നതി പദ്ധതിയിൽ ജീർണ്ണാവസ്ഥയിലുള്ള അഗ്രഹാരങ്ങളുടെയും വീടുകളുടെയും നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി മുൻ സാമ്പത്തിക വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും നിലവിൽ ഇത് അഗ്രഹാരങ്ങളുടെ മാത്രം നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി മംഗല്യ സമുന്നതി പദ്ധതിക്ക് 3 കോടി രൂപയും ഭവനപുനരുദ്ധാരണ പദ്ധതിക്കായി 8.4 കോടി രൂപയും ഉൾപ്പെടെ ആകെ 11.4 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മംഗല്യ സമുന്നതി പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷം 2235-02-190-97 എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 130 ലക്ഷം രൂപ മാത്രമാണ് റിലീസ് ചെയ്തിരുന്നത്. ടി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഭവന സമുന്നതി പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം അഗ്രഹാരങ്ങളുടെ മാത്രം നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 300 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ പദ്ധതികൾക്കായി അധിക തുക അനുവദിച്ചിട്ടില്ല.

(പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 11-5-2023-ലെ സിഡിഎൻ.4/171/2022-പൊ.ഭ.വ. നമ്പർ കത്ത്)

**ഖണ്ഡിക-75**

2235-02-190-97—<u>കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം</u>

കേരള സംസ്ഥാന മുന്നാക്കസമുദായക്ഷേമ കോർപ്പറേഷനിൽ ജീവനക്കാർക്ക് ശമ്പളപരിഷ്കരണ കുടിശ്ശിക വിതരണം ചെയ്യുന്നതിനും, ചെയർമാന് ഓണറേറിയം നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള 50 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപ അനുവദിക്കണമെന്നുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ സമർപ്പിച്ചിരുന്നുവെങ്കിലും ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ തുകയൊന്നും തന്നെ കോർപ്പറേഷന് ലഭ്യമാക്കിയിട്ടില്ല.

(പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 11-5-2023-ലെ സിഡിഎൻ.4/171/2022-പൊ.ഭ.വ. നമ്പർ കത്ത്)

**ഖണ്ഡിക-76**

2235-60-200-71—<u>ജവാന്മാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം-ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്</u>

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുകയായ 12.97 കോടി രൂപയിൽ 7 കോടി 47 ലക്ഷം രൂപ സർക്കാരിൽ നിന്ന് നാളിതുവരെയും ലഭിക്കാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്ന് നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും നിർവാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.47 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപയാകുന്നു. ഇതിൽ നിന്നും വകുപ്പിന് 5 കോടി 50 ലക്ഷം രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ബാക്കി ലഭ്യമാകുവാനുള്ള 7 കോടി 47 ലക്ഷം രൂപയിൽ നിന്നും സമിതിയുടെ ശിപാർശ പ്രകാരം 2022-23 സാമ്പത്തിക വർഷം ഒരു കോടി രൂപ സൈനിക ക്ഷേമ വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

(സൈനികക്ഷേമ(എ) വകുപ്പിന്റെ 28-4-2023-ലെ SW3/161/2022-SWD നമ്പർ കത്ത്)

**ഖണ്ഡിക-77**

2235-60-200-61—<u>ഇന്ത്യൻ മിലിറ്ററി/ഓഫീസേഴ്സ് ട്രെയിനിംഗ്/എയർ ഫോഴ്സ്/നേവൽ അക്കാഡമി, ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജ് ആന്റ് ആർമി നഴ്സിംഗ് സ്കൂൾ എന്നിവയിൽ നിന്നും പാസ്സ് ഔട്ട് ആയി വരുന്ന കേരളത്തിൽ നിന്നുള്ള കേഡറ്റ്സിന് ഒറ്റത്തവണ സ്കോളർഷിപ്പ്</u>

ഇന്ത്യൻ ആർമി/നേവി/എയർഫോഴ്സുകളിലേക്ക് കേരളത്തിൽ നിന്ന് commissioned officers ആയി രാജ്യസേവനത്തിന് പോകുന്നവർക്ക് പ്രോത്സാഹനമായി 2 ലക്ഷം രൂപ വീതം ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണിത്. ഈ സാമ്പത്തിക വർഷം പുതുതായി അനുവദിച്ച ടി ശീർഷകത്തിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. മുൻ വർഷം ലഭ്യമായ 55 അപേക്ഷകളിന്മേലും നടപ്പു സാമ്പത്തിക വർഷം

പ്രതീക്ഷിക്കുന്ന അപേക്ഷകൾക്കും ധനസഹായം അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ 2.4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിവിധ ട്രെയിനിംഗ് അക്കാഡമികളിൽ പ്രവേശനം നേടുന്ന കേരളീയരായ കേഡറ്റുകൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ പരിഗണിച്ച് സർക്കാർ അനുമതി ലഭ്യമായ 9 അപേക്ഷകർക്കായി 18 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി അനുവദിച്ചിരുന്നു. പ്രസ്തുത 9 അപേക്ഷകരിൽ 4 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അഞ്ച് പേർക്ക് കൂടി സ്കോളർഷിപ്പ് അനുവദിച്ച സർക്കാർ ഉത്തരവായെങ്കിലും നിലവിലുള്ള മാനദണ്ഡപ്രകാരം ഇവരിൽ ചിലർ യോഗ്യരല്ലെന്നും ആയതിനാൽ ഉത്തരവ് പുനഃപരിശോധിക്കണമെന്നും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ടു ചെയ്തതിന്റെ വെളിച്ചത്തിൽ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സൈനികക്ഷേമ (എ) വകുപ്പിന്റെ 28-4-2023-ലെ SW3/161/2022-SWD നമ്പർ കത്ത്)

കെ. രാധാകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.